# <u>എന്റെ പ്രഥമ ഗുരുനാഥനൊപ്പമുള്ള ഓണസ്മരണ</u>

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

വയലേലക്കരയിലാ കുന്നിന്റെയുച്ചിയിൽ
വെയിലത്തു വെട്ടിത്തിളങ്ങുമാ ചെറുകുടിൽ
നാലു കാൽ തൂണിലായ് ചാണകം മെഴുകിയൊരു
ഓലമേലാപ്പിട്ട കൊച്ചു നാട്ടുപള്ളിക്കൂടം
കാറ്റിലും വെയിലിലും ഊയലാടീടുമൊരാ
ഓലക്കുടിലിന്റെ നാലുവശം തുറന്നുള്ള
ആകാശത്തൂവെള്ളിവെളിച്ചത്തിലാ കൊട്ടിലിൽ
വിണ്ണിന്റെ കാന്തിയിലാ ഗ്രാമീണ ശാന്തതയിൽ
മണ്ണിൽ വിലയിച്ചൊരെൻ കുടിൽപ്പള്ളിക്കൂടത്തിൽ
മൂന്നും നാലും വയസുള്ളെട്ടുപത്തു പൈതങ്ങൾ
കൊച്ചോലത്തടുക്കും എഴുത്തോലയുമടുക്കി
പേടിച്ചരണ്ടു ചുവടു വച്ചെത്തും വേളയിൽ
കയ്യിൽ വടിയുമായ് തലയിലൊരു കെട്ടുമായ്
ഒറ്റമുണ്ടും തോളിൽ കച്ചത്തോർത്തുമണിഞ്ഞൊരാ
ആശാനണഞ്ഞീടവേ ചാടിയെണീറ്റാദരം

'വന്ദനം ആശാനെ'ന്നുച്ചത്തിലുരചെയ്തതും
കൈകൂപ്പി മിഴിപൂട്ടി പ്രാർത്ഥന ചൊല്ലിയതും
ആശാനാണലകിന്റെ മേലാവായാ ബാലകർ
ആശാൻ പള്ളിക്കൂടത്തിലാമോദം മേവിയതും,
പിഞ്ചുവിരലാൽ പൂഴിയിലക്ഷരം കോറിച്ചും
തെറ്റുമ്പോൾ കൈവെള്ളയിൽ ചൂരലടി യേൽപ്പിച്ചും
ദാഹിക്കെ പുളിമാങ്ങ, ഉപ്പ് ജലമേകിയും
ലാളിത്യഗ്രാമീണ ശാന്തസംപുഷ്ട ബാല്യവും
സന്തുഷ്ടിചേർത്തതാം ഭൗമ സ്വർല്ലോക നിവാസം!

ചിട്ടയാർന്നുള്ളൊരാ ഗുരുകുലാഭ്യസനത്തിൻ
മാധുര്യമിന്നുമെൻ സ്മരണയിൽ  നിറയുന്നു
ഓണത്തിനു പുകല പുളിക്കര നേര്യതും
ആശാനു നേദിക്കെൻ നെറുകയിൽ കൈവച്ചതും
പള്ളിക്കൂടമുറ്റം ചുറ്റം തൂത്തു വെടിപ്പാക്കി
പൂക്കളം തൊടിയിലെ പൂക്കളാലൊരുക്കലും
മുറ്റത്തെ മാങ്കൊമ്പിൽ കെട്ടും ഊഞ്ഞാലിലാട്ടവും
മൂന്നാമോണത്തിനാശാനൊപ്പം ഓണസദ്യയും
ഓണക്കോടിമടിത്തുമ്പിൽ ചേർക്കുമുപ്പേരിയും
ഓർമ്മയിലിപ്പൊഴും നറുമലർ വിതറവേ,

നാട്ടുപള്ളിക്കൂടങ്ങൾതൻ നിർമ്മല ബന്ധങ്ങൾ
ലോകത്തിന്നേതു കോണിലാണെങ്കിലുമാത്മാവിൽ
ആലക്തികദീപ പ്രശോഭിതമായ് നിൽക്കവേ,
ഓണമിന്നു വെറും പ്രഹസനമായ് മാറവേ

പാക്കറ്റു സദ്യ കോടിയും പൂക്കളും സൗലഭ്യം
കിട്ടാത്തതൊന്നുണ്ടിന്നു നിർമ്മല സ്നേഹശാന്തി
സർവ്വം യാന്ത്രികം ഓണം വിഷുവും പ്രവാസിയായ്
നാലാളു കൂടി കോടിയുടുത്തോണമൊരുങ്ങാൻ
മാധ്യമങ്ങളിൽ പടം പ്രൗഢിയിൽ  പടരുവാൻ
നഷ്ടസ്വപ്നങ്ങൾ താലോലിച്ചാശ്വാസം കൊള്ളുവാൻ
വിങ്ങുന്ന മനസ്സുമായ്  പ്രവാസിയായ് ഞാനിന്നും
ദീപ്ത നഷ്ടസ്മൃതികളിൽ സംതൃപ്തയായ് മേവൂ..

………………

Happy Onam Geetings to all my Malayalee Friends all over the world !

8,28,2015